(ഡി) എങ്കിൽ സി. എച്ച്. സി. ആയി ഉയർത്തിയതിന്റെ ഭാഗമായി ഉണ്ടാകേണ്ട സൗകര്യങ്ങൾ ഈ പെരുമ്പത്ത് സെന്ററിൽ ഉണ്ടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) 6-11-2008-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.568/08/ ആ.കു.വ. പ്രകാരമാണ് എരഞ്ഞിപ്പാലം പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തിയത്.

(ബി) കുറഞ്ഞത് 30 കിടക്കകളും 24 മണിക്കൂർ സേവനവും ലഭ്യമാവേണ്ടതുണ്ട്. കൂടാതെ തിയേറ്റർ, ലബോറട്ടറി, എക്സ്-റേ, അൾട്രാസൗണ്ട് സ്കാൻ, ഇ.സി.ജി. തുടങ്ങിയ ഭൗതിക സൗകര്യങ്ങളും ഉദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആനുപാതികമായി തസ്തികകളിലും വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പദവി ഉയർത്തപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എൻ.ആർ.എച്ച്.എം. മുഖേന ഘട്ടംഘട്ടമായി നടന്നുവരുന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

സുൽത്താൻബത്തേരി മണ്ഡലത്തിലെ സർക്കാർ ആയുർവേദ ആശുപത്രികളുടെ വികസനം

26 (6176) ശ്രീ. പി. കൃഷ്ണ പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ സർക്കാർ ആയുർവ്വേദ ആശുപത്രികളുടെ വികസനത്തിനായി ഈ സർക്കാർ നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) വയനാട് ജില്ലയിലെ സർക്കാർ ആയുർവ്വേദ ആശുപത്രികളിൽ ഏതെല്ലാം ആശുപത്രികളിലാണ് ആവശ്യമായ ജീവനക്കാരില്ലാത്തതെന്ന് അറിയിക്കുമോ ;

(സി) ഇത്തരം ആശുപത്രികളിൽ വേണ്ട ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സുൽത്താൻബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയുടെ നവീകരണത്തിനായി താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ആശുപത്രി വാർഡ് നവീകരണം.
2. ഒ.പി.ബ്ലോക്ക്
3. ആശുപത്രി റീ വയറിംഗ്
4. വാട്ടർ ടാങ്ക് മാറ്റി സ്ഥാപിക്കൽ
5. സെപ്റ്റിക് ടാങ്ക് നിർമ്മാണം
6. പുതിയ വാർഡ് നിർമ്മാണം
7. ടൈൽസ് പതിപ്പിക്കൽ, മുറ്റം കോൺക്രീറ്റ് ചെയ്യൽ തുടങ്ങിയ വികസന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

(ബി) ഡോക്ടർമാരുടെ ഒഴിവുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് ആയുർവേദ ആശുപത്രി, പാതിരിച്ചാൽ.
   1. സീനിയർ മെഡിക്കൽ ഓഫീസർ - 1
   2. മെഡിക്കൽ ഓഫീസർ (നേത്ര) - 1
2. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,
   തിരുനെല്ലി (ട്രൈബൽ) :
   മെഡിക്കൽ ഓഫീസർ -1
3. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,
   തരിയോട് (ട്രൈബൽ)
   മെഡിക്കൽ ഓഫീസർ - 1.
4. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,
   എച്ചോം :
   മെഡിക്കൽ ഓഫീസർ - 1.
5. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,
   നെൻമേനി :
   മെഡിക്കൽ ഓഫീസർ - 1.
6. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,
   പുതുശ്ശേരി :
   മെഡിക്കൽ ഓഫീസർ - 1.

LIBRARY ARCHIVES Kerala Legislative Assembly

7. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,

തരിയോട് :

മെഡിക്കൽ ഓഫീസർ - 1.

(സി) മെഡിക്കൽ ഓഫീസർ തസ്തികകളിൽ പി. എസ്.സി. മുഖേനയും സീനിയർ മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ തസ്തികകളിൽ സ്ഥാനക്കയറ്റം വഴിയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ യുനാനി ആശുപത്രികൾ

27 (6177) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എത്ര യുനാനി ആശുപത്രികൾ നിലവിലുണ്ട് ; അത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം മണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ യുനാനി ആശുപത്രി ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) അതിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ യുനാനി ആശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ എൻ.ആർ.എച്ച്.എം. പദ്ധതിയിൻ കീഴിൽ ആരംഭിച്ച 6 യുനാനി ഡിസ്പെൻസറികൾ നിലവിലുണ്ട്. ഇവ തിരുവാലി, മഞ്ചേരി (മുനിസിപ്പാലിറ്റി), മാറാക്കര, വളവന്നൂർ, പെരിയമുണ്ടം, വാഴക്കാട് എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.കളിലും സർക്കാർ ആശുപത്രികളിലും ഫുൾടൈം ഡോക്ടർമാർ

28 (6180) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി. എച്ച്. സി. കളിലും ഗവൺമെന്റ് ആശുപത്രികളിലും പി. എസ്. സി. നിയമിച്ച ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly